| 04-04-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ- ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്നുകൊണ്ടും പാരലൗകിക പിതാവിൽ നിന്നും പൂർണ്ണ സമ്പത്ത് നേടണം, അതിനാൽ തന്റെ എല്ലാം കൈമാറ്റം ചെയ്യൂ, ഇത് വളരെ വലിയ വ്യാപാരമാണ്.**

**ചോദ്യം-** ഡ്രാമയുടെ ജ്ഞാനം ഏതൊരു കാര്യത്തിലാണ് നിങ്ങൾ കുട്ടികളെ വളരെ അധികം സഹായിക്കുന്നത്?

**ഉത്തരം-** എപ്പോഴാണോ ശരീരത്തിന് എന്തെങ്കിലും അസുഖങ്ങൾ വരുന്നത് അപ്പോൾ ഡ്രാമയുടെ ജ്ഞാനം വളരെ അധികം സഹായിക്കുന്നു എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് അറിയാം ഈ ഡ്രാമ അതേപടി ആവർത്തിക്കുന്നതാണ്. ഇതിൽ കരയുകയോ വിഷമിക്കുകയോ ചെയ്യേണ്ട ഒരാവശ്യവുമില്ല. കർമ്മങ്ങളുടെ കണക്കുവഴക്കുകൾ തീർപ്പാകണം. 21 ജന്മങ്ങളിലെ സുഖവുമായി താരതമ്യം ചെയ്യുമ്പോൾ ഈ ദുഃഖം ഒന്നുമല്ല. ജ്ഞാനം പൂർണ്ണമായി ഇല്ലെങ്കിൽ വിഷമിക്കുന്നു.

**ഓംശാന്തി.** ഭഗവാന്റെ വാക്കുകളാണ്. സ്വന്തമായി ശരീരമില്ലാത്തതാരാണോ അവരെയാണ് ഭഗവാൻ എന്ന് വിളിക്കുന്നത്. ഭഗവാന് നാമം, രൂപം, കാലം, ദേശം എന്നിവയില്ല എന്നല്ല. ഭഗവാന് ശരീരമാണ് ഇല്ലാത്തത്. ബാക്കി സർവ്വആത്മാക്കൾക്കും തന്റേതായി ശരീരമുണ്ട്. ഇപ്പോൾ അച്ഛൻ പറയുന്നു മധുര മധുരമായ ആത്മീയ കുട്ടികളേ, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ഇരിക്കൂ. എന്തായാലും ആത്മാവുതന്നെയാണ് കേൾക്കുന്നത്, പാർട്ട് അഭിനയിക്കുന്നത്, ശരീരത്തിലൂടെ കർമ്മം ചെയ്യുന്നത്. സംസ്ക്കാരം എടുത്തുകൊണ്ടുപോകുന്നത് ആത്മാവാണ്. നല്ലതും മോശവുമായ കർമ്മങ്ങളുടെ ഫലം അനുഭവിക്കുന്നതും ആത്മാവുതന്നെയാണ് അതും ശരീരത്തോടൊപ്പം. ശരീരമില്ലാതെ ഒരു കണക്കും അനുഭവിക്കാൻ സാധിക്കില്ല അതിനാലാണ് ബാബ പറയുന്നത് സ്വയം ആത്മാവാണെന്നു മനസ്സിലാക്കി ഇരിക്കൂ. അച്ഛൻ നമ്മളെ കേൾപ്പിക്കുകയാണ്. നമ്മൾ ആത്മാക്കൾ ഈ ശരീരത്തിലൂടെ കേട്ടുകൊണ്ടിരിക്കുകയാണ്. ഭഗവാന്റെ വാക്കുകളാണ് എന്നെ മാത്രം ഓർമ്മിക്കൂ. ദേഹ സഹിതം ദേഹത്തിന്റെ മുഴുവൻ സംബന്ധങ്ങളേയും ത്യാഗം ചെയ്ത് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനെ ഓർമ്മിക്കൂ. ഗീതയുടെ ഭഗവാനായ ബാബ ഈ ഒരു കാര്യം മാത്രമാണ് പറയുന്നത്. ഭഗവാൻ അർത്ഥം ജനന-മരണ രഹിതൻ. അച്ഛൻ പറയുന്നു- എന്റെ ജന്മം അലൗകികമാണ്. ഞാൻ എങ്ങനെയാണോ ഇവരിൽ പ്രവേശിക്കുന്നത് അതുപോലെ മറ്റാരും ജന്മമെടുക്കുന്നില്ല. ഇത് വളരെ നല്ലരീതിയിൽ ഓർമ്മിക്കണം. എല്ലാം ഭഗവാനാണ് ചെയ്യുന്നത്, പൂജ്യനും പൂജാരിയും ഭഗവാനാണ്, തൂണിലും തുരുമ്പിലും ഭഗവാനുണ്ട്, അങ്ങനെയല്ല. 24 അവതാരങ്ങൾ, മത്സ്യ കൂർമ്മ അവതാരം പരശുരാമന്റെ അവതാരം എന്നിങ്ങനെ കാണിക്കുന്നു. എന്താ ഭഗവാൻ പരശുരാമന്റെ അവതാരമെടുത്ത് കോടാലി എടുത്ത് ഹിംസ ചെയ്യുമോ! ഇതെല്ലാം ഇപ്പോൾ മനസ്സിലായി. അത് തെറ്റാണ്. പരമാത്മാവിനെ സർവ്വവ്യാപി എന്നു പറഞ്ഞതുപോലെ കല്പത്തിന്റെ ആയുസ്സിനേയും ലക്ഷക്കണക്കിന് വർഷങ്ങളാക്കി, ഇതിനെയാണ് ഘോരാന്ധകാരം എന്നു പറയുന്നത് അർത്ഥം ജ്ഞാനം തീരെയില്ല. ജ്ഞാനത്തിലൂടെയാണ് പ്രകാശമുണ്ടാകുന്നത്. ഇപ്പോൾ അജ്ഞാനത്തിന്റെ ഘോരാന്ധകാരമാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾ തീവ്രമായ പ്രകാശത്തിലാണ്. നിങ്ങൾക്ക് എല്ലാകാര്യവും നന്നായി അറിയാം. ആർക്കാണോ അറിയാത്തത് അവർ പൂജചെയ്തുകൊണ്ടിരിക്കുന്നു. നിങ്ങൾ എല്ലാം അറിഞ്ഞു കഴിഞ്ഞു അതിനാൽ നിങ്ങൾക്ക് പൂജ ചെയ്യേണ്ട ആവശ്യമില്ല. നിങ്ങൾ ഇപ്പോൾ പൂജചെയ്യുന്ന സമ്പ്രദായത്തിൽ നിന്നും മുക്തമായി. പൂജ്യരായ ദേവീ ദേവതയായി മാറുന്നതിനുവേണ്ടി നിങ്ങൾ പുരുഷാർത്ഥം ചെയ്യുകയാണ്. നിങ്ങൾ തന്നെയായിരുന്നു പൂജ്യദേവീദേവത പിന്നീട് പൂജാരീ മനുഷ്യരായി മാറി. മനുഷ്യനിൽ ആസുരീയ അവഗുണങ്ങളുണ്ട് അതിനാലാണ് പാട്ടുള്ളത്- മനുഷ്യനെ ദേവതയാക്കി മാറ്റി. യുദ്ധം ചെയ്യാതെ മനുഷ്യനെ ദേവതയാക്കി മാറ്റി..... ഒരു സെക്കന്റിൽ ദേവതയാക്കി മാറ്റുന്നു. അച്ഛനെ മനസ്സിലാക്കിയ ഉടൻ ശിവബാബാ എന്ന് വിളിക്കാൻ തുടങ്ങി. ബാബാ എന്ന് പറയുമ്പോൾത്തന്നെ നമ്മൾ വിശ്വത്തിന്റെ അധികാരി, സ്വർഗ്ഗത്തിന്റെ അധികാരിയായി മാറുന്നു. ഇതാണ് പരിധിയില്ലാത്ത അച്ഛൻ. ഇപ്പോൾ നിങ്ങൾ പെട്ടെന്ന് വന്ന് പാരലൗകിക പിതാവിന്റേതായിരിക്കുന്നു. അച്ഛൻ പിന്നീട് പറയുന്നു ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്നുകൊണ്ടും ഇപ്പോൾ പാരലൗകിക പിതാവിൽ നിന്നും സമ്പത്ത് എടുക്കൂ. ലൗകിക സമ്പത്ത് നിങ്ങൾ എടുത്തുവന്നു, ഇപ്പോൾ ലൗകിക സമ്പത്തിനെ പാരലൗകിക സമ്പത്തുമായി എക്സ്ചേഞ്ച് ചെയ്യൂ. എത്ര നല്ല വ്യാപാരമാണ്! ലൗകിക സമ്പത്ത് എന്തുണ്ട്? ഇതാണ് പരിധിയില്ലാത്ത സമ്പത്ത്, അതും പാവങ്ങൾ പെട്ടെന്ന് എടുക്കും. പാവങ്ങളെ ദത്തെടുക്കുന്നു. അച്ഛനും ഏഴകളുടെ തോഴനല്ലേ. ഞാൻ ഏഴകളുടെ തോഴനാണ് എന്ന് പാട്ടുമുണ്ട്. ഭാരതമാണ് ഏറ്റവും ദരിദ്രം. ഞാൻ വരുന്നതും ഭാരതത്തിലാണ്, വന്ന് ഭാരതത്തെ സമ്പന്നമാക്കുന്നു. ഭാരതത്തിന്റെ മഹിമ വളരെ ഉയർന്നതാണ്. ഇത്

വളരെ വലിയ തീർത്ഥസ്ഥാനമാണ്. പക്ഷേ കല്പത്തിന്റെ ആയുസ്സിനെ വളരെ നീട്ടിയതിനാൽ എല്ലാം മറന്നുപോയി. മനസ്സിലാക്കുന്നു ഭാരതം വളരെ സമ്പന്നമായിരുന്നു, ഇപ്പോൾ ദരിദ്രമായി മാറി. മുമ്പ് ധാന്യങ്ങൾ ഇവിടെ നിന്ന് വിദേശത്തേയ്ക്ക് കൊണ്ടുപോയിരുന്നു. ഇപ്പോൾ ഭാരതം ഏറ്റവും ദരിദ്രമാണെന്ന് മനസ്സിലാക്കി ഇവിടേയ്ക്ക് സഹായം നൽകുന്നു. ഇങ്ങനെ സംഭവിക്കുന്നു– ഏതെങ്കിലും വലിയ വ്യക്തി തോറ്റുപോയാൽ ഒന്നിച്ച് തീരുമാനമെടുത്ത് അവരെ സഹായിക്കുന്നു. ഈ ഭാരതമാണ് ഏറ്റവും പ്രാചീനമായത്. ഭാരതം തന്നെയായിരുന്നു സ്വർഗ്ഗമായിരുന്നത്. ആദ്യമാദ്യം ആദി സനാതന ദേവീദേവതാ ധർമ്മമായിരുന്നു. കേവലം സമയത്തെ വലിച്ചുനീട്ടി, അതിനാൽ ആശയക്കുഴപ്പത്തിലായി. ഭാരതത്തിന് എത്ര സഹായമാണ് നൽകുന്നത്. അച്ഛനും ഭാരതത്തിൽത്തന്നെയാണ് വരേണ്ടത്.

നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മൾ അച്ഛനിൽ നിന്നും സമ്പത്ത് എടുക്കുകയാണ്. ലൗകിക പിതാവിന്റെ സമ്പത്തിനെ പാരലൗകികവുമായി എക്സ്ചേഞ്ച്  ചെയ്യുകയാണ്. എങ്ങനെയാണോ ബ്രഹ്മാവ് ചെയ്തത് അതുപോലെ. കണ്ടു, പാരലൗകിക പിതാവിൽ നിന്നും കിരീടവും സിംഹാസനവും ലഭിക്കുന്നു– ആ ചക്രവർത്തീ പദവി എവിടെ ഈ തുച്ഛമായ സമ്പാദ്യം എവിടെ. ഫോളോ ഫാദർ എന്നും പറയാറുണ്ട്. വിശന്ന് മരിക്കേണ്ട കാര്യമില്ല. അച്ഛൻ പറയുന്നു സൂക്ഷിപ്പുകാരനായി സംരക്ഷിക്കൂ. അച്ഛൻ വന്ന് സഹജമായ വഴി പറഞ്ഞുതരികയാണ്. കുട്ടികൾ വളരെ അധികം ബുദ്ധിമുട്ടുകൾ അനുഭവിച്ചവരാണ് അതിനാലാണ് അച്ഛനെ വിളിച്ചത്– അല്ലയോ പരമപിതാ പരമാത്മാവേ, ദയ കാണിക്കൂ. സുഖത്തിൽ ഒരാൾപോലും അച്ഛനെ ഓർമ്മിക്കുന്നില്ല, ദുഃഖത്തിൽ എല്ലാവരും ഓർമ്മിക്കുന്നു. ഇപ്പോൾ അച്ഛൻ പറഞ്ഞുതരുകയാണ് എങ്ങനെ ഓർമ്മിക്കണം. നിങ്ങൾക്കാണെങ്കിൽ ഓർമ്മിക്കാൻ പോലും അറിയില്ല. ഞാൻ തന്നെയാണ് വന്ന് നിങ്ങൾക്ക് പറഞ്ഞുതരുന്നത്. കുട്ടികളേ സ്വയം ആത്മാവാണെന്നു മനസ്സിലാക്കു എന്നിട്ട്  പാരലൗകിക പിതാവിനെ ഓർമ്മിക്കു എങ്കിൽ നിങ്ങളുടെ പാപങ്ങൾ ഇല്ലാതാകും. ഓർമ്മിച്ച് ഓർമ്മിച്ച് സുഖം നേടൂ, ശരീരത്തിന്റെ ദുഃഖങ്ങളും വേദനകളും ഇല്ലാതാകട്ടെ. ശരീരത്തിന്റെ എന്തെല്ലാം ദുഃഖങ്ങളുണ്ടോ അതെല്ലാം ഇല്ലാതാകും. നിങ്ങളുടെ ആത്മാവ്, ശരീരം രണ്ടും പവിത്രമായി മാറും. നിങ്ങൾ ഇങ്ങനെയുള്ള സ്വർണ്ണമായിരുന്നു. പിന്നീട് പുനർജന്മങ്ങൾ എടുത്ത് എടുത്ത് ആത്മാവിൽ അഴുക്ക് കയറുന്നു, പിന്നീട് ശരീരവും പഴയത് ലഭിക്കുന്നു. സ്വർണ്ണത്തിൽ കലർപ്പ് ചേർക്കുന്നതുപോലെ. പവിത്രമായ സ്വർണ്ണംകൊണ്ടു നിർമ്മിക്കുന്ന ആഭരണവും പവിത്രമായിരിക്കും. അതിൽ തിളക്കമുണ്ടാകും. കലർപ്പ് ചേർത്ത സ്വർണ്ണം കറുത്തുപോകുന്നു. അച്ഛൻ പറയുന്നു നിങ്ങളിലും അഴുക്ക് നിറഞ്ഞിരിക്കുന്നു, അതിനെ ഇപ്പോൾ ഇല്ലാതാക്കണം. എങ്ങനെ എടുത്ത് കളയും? അച്ഛനുമായി യോഗം വെയ്ക്കൂ. പഠിപ്പിക്കുന്ന ആളുമായി യോഗം വെയ്ക്കണമല്ലോ. ബാബയാണെങ്കിൽ അച്ഛൻ, ടീച്ചർ, സദ്ഗുരു എല്ലാമാണ്. ബാബയെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും മാത്രമല്ല ബാബ നിങ്ങളെ പഠിപ്പിക്കുന്നുമുണ്ട്. നിങ്ങൾ എന്നെത്തന്നെയാണ് പതിത പാവനൻ സർവ്വശക്തിവാൻ എന്നു വിളിക്കുന്നത്. കല്പ കല്പം ബാബ ഇങ്ങനെത്തന്നെയാണ് മനസ്സിലാക്കിത്തരുന്നത്. മധുര മധുരമായ കളഞ്ഞുപോയി തിരികെക്കിട്ടിയ കുട്ടികളേ, 5000 വർഷങ്ങൾക്കുശേഷം നിങ്ങൾ വന്ന് കാണുകയാണ്. അതിനാലാണ് നിങ്ങളെ കളഞ്ഞുപോയി തിരികെക്കിട്ടിയ ഓമനകൾ എന്നു പറയുന്നത്. ഇപ്പോൾ ഈ ദേഹത്തിന്റെ അഹങ്കാരത്തെ ഉപേക്ഷിച്ച് ആത്മാഭിമാനിയായി മാറൂ. ആത്മാവാണെന്ന ജ്ഞാനവും നൽകി, അത് ബാബയ്ക്കല്ലാതെ മറ്റാർക്കും നൽകാൻ സാധിക്കില്ല. ആത്മജ്ഞാനമുള്ള ഒരു മനുഷ്യൻ പോലുമില്ല. സന്യാസി, ഗുരു, ഗോസായി ആർക്കും അറിയില്ല. ഇപ്പോൾ ആ പഴയ ശക്തിയില്ല. എല്ലാവരുടേയും ശക്തി ഇല്ലാതായി. മുഴുവൻ വൃക്ഷവും ജീർണ്ണിച്ച അവസ്ഥയിലെത്തിയിരിക്കുന്നു. ഇപ്പോൾ വീണ്ടും പുതിയതിന്റെ സ്ഥാപനയുണ്ടാകുന്നു. അച്ഛൻ വന്ന് വ്യത്യസ്തമായ വൃക്ഷത്തിന്റെ രഹസ്യം മനസ്സിലാക്കിത്തരുകയാണ്. പറയുന്നു ആദ്യം നിങ്ങൾ രാമരാജ്യത്തിലായിരുന്നു, പിന്നീട് നിങ്ങൾ എപ്പോൾ വാമമാർഗ്ഗത്തിലേയ്ക്ക് പോയോ അപ്പോൾ രാവണരാജ്യം ആരംഭിച്ചു പിന്നീട് മറ്റ് ധർമ്മങ്ങൾ വരുന്നു. ഭക്തിമാർഗ്ഗം ആരംഭിക്കുന്നു. മുമ്പ് നിങ്ങൾക്ക് അറിയില്ലായിരുന്നു. ആരോട് വേണമെങ്കിലും പോയി ചോദിച്ചോളൂ– നിങ്ങൾക്ക് രചയിതാവിനേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തേയും അറിയാമോ? അപ്പോൾ ആർക്കും പറയാൻ കഴിയില്ല. അച്ഛൻ ഭക്തരോട് പറയുന്നു ഇപ്പോൾ നിങ്ങൾ തീരുമാനമെടുക്കൂ. ബോർഡിലും എഴുതൂ– അഭിനേതാവായിട്ടും ഡ്രാമയുടെ സംവിധായകനേയും രചയിതാവിനേയും മുഖ്യ അഭിനേതാവിനേയും അറിയുകയില്ലെങ്കിൽ ഇങ്ങനെയുള്ള അഭിനേതാവിനെ എന്തു പറയും? നമ്മൾ ആത്മാക്കൾ ഇവിടേയ്ക്ക് ഭിന്ന ഭിന്ന ശരീരം ധാരണ ചെയ്ത് പാർട്ട് അഭിനയിക്കാനായി വരുന്നു എങ്കിൽ തീർച്ചയായും ഇത് നാടകമല്ലേ.

ഗീതയാണ് മാതാവ്, ശിവനാണ് പിതാവ്. ബാക്കി എല്ലാം രചനകളാണ്. ഗീത പുതിയ ലോകത്തെ നിർമ്മിക്കുന്നു. പുതിയ ലോകം നിർമ്മിക്കുന്നത് എങ്ങനെയാണ് എന്നതും ആർക്കും അറിയില്ല. പുതിയ ലോകത്തിൽ ആദ്യമാദ്യം നിങ്ങളായിരിക്കും. ഇപ്പോൾ ഇത് പുരുഷോത്തമ സംഗമയുഗീ ലോകമാണ്. ഇത് പഴയ

ലോകവുമല്ല പുതിയ ലോകവുമല്ല. ഇത് സംഗമമാണ്. ബ്രാഹ്മണർ കുടുമയാണ്. വിരാടരൂപത്തിൽ ശിവ ബാബയേയും കാണിക്കുന്നില്ല കുടുമയായ ബ്രാഹ്മണരേയും കാണിക്കുന്നില്ല. നിങ്ങൾ മുകളിൽ കുടുമ കാണിച്ചിട്ടുണ്ട്. നിങ്ങൾ ബ്രാഹ്മണർ ഇരിക്കുകയാണ്. ദേവതകൾക്കു പിന്നിൽ ക്ഷത്രിയരാണ്. ദ്വാപര ത്തിൽ വൃക്ഷങ്ങളുടെ പൂജചെയ്യുന്നു, പിന്നീട് ശൂദ്രനാകുന്നു. ഇത് ഉരുണ്ടുകളിയാണ്. നിങ്ങൾ ഉരുണ്ടു കളിക്കുന്നതിനെ ഓർമ്മിക്കു. ഇതാണ് 84 ജന്മങ്ങളുടെ നിങ്ങളുടെ യാത്ര. സെക്കന്റിൽ എല്ലാം ഓർമ്മവ രും. നമ്മൾ ഇങ്ങനെ ചക്രം കറങ്ങുന്നു. ഇത് ശരിയായ ചിത്രമാണ്, അത് തെറ്റാണ്. അച്ഛനല്ലാതെ മറ്റാർക്കും ശരിയായ ചിത്രം നിർമ്മിക്കാൻ സാധിക്കില്ല. ബ്രഹ്മാവിലൂടെ അച്ഛൻ മനസ്സിലാക്കിത്തരുകയാണ്. നിങ്ങൾ ഇങ്ങനെ ഉരുണ്ടുകളിക്കുകയാണ്. സെക്കന്റിലാണ് നിങ്ങളുടെ യാത്രയുണ്ടാകുന്നത്. ബുദ്ധിമുട്ടിന്റെ കാര്യ മേയില്ല. ആത്മീയ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് അച്ഛൻ നമ്മളെ പഠിപ്പിക്കുകയാണ്. ഈ സത്സംഗം സത്യമായ അച്ഛനുമൊത്താണ്. അത് അസത്യമായ സംഗമാണ്. സത്യഖണ്ഢം അച്ഛനാണ് സ്ഥാപിക്കുന്ന ത്. മനുഷ്യനിൽ അതിനുള്ള ശക്തിയില്ല. ഭഗവാനു മാത്രമേ ചെയ്യാൻ സാധിക്കൂ. ഭഗവാനെയാണ് ജ്ഞാന സാഗരൻ എന്ന് വിളിക്കുന്നത്. സാധു സന്യാസിമാർക്ക് ഇത് പരമാത്മാവിന്റെ മഹിമയാണ് എന്നത് അറി യില്ല. ശാന്തിസാഗരനായ അച്ഛൻ നിങ്ങൾക്ക് ശാന്തി നൽകുകയാണ്. അതിരാവിലെ നിങ്ങൾ ഡ്രിൽ ചെയ്യു ന്നുണ്ട്. ശരീരത്തിൽ നിന്നും വേറിട്ട് അച്ഛന്റെ ഓർമ്മയിൽ ഇരിക്കുന്നു. ഇവിടേയ്ക്ക് നിങ്ങൾ വന്നത് ജീവിച്ചിരിക്കെ മരിക്കുന്നതിനാണ്. അച്ഛനിൽ സമർപ്പണമാകുന്നു. ഇത് പഴയ ലോകം, പഴയ ശരീരമാണ്, ഇതിനോട് വെറുപ്പ് തോന്നുന്നു, ഇതിനെ ഉപേക്ഷിച്ചാൽ മതി. ഒന്നും ഓർമ്മവരരുത്. എല്ലാം മറക്കണം. നിങ്ങൾ പറയാറുമുണ്ട് ഭഗവാൻ എല്ലാം നൽകി എങ്കിൽ ഇപ്പോൾ ഭഗവാന് നൽകു. ഭഗവാൻ നിങ്ങളോട് പറയുന്നു നിങ്ങൾ ട്രസ്റ്റിയായി മാറു. ഭഗവാൻ ട്രസ്റ്റിയാവില്ല. ട്രസ്റ്റിയാവുന്നത് നിങ്ങളാണ്. പിന്നീട് പാപം ചെയ്യില്ല. മുമ്പ് പാപാത്മാക്കളിലും പാപാത്മാക്കളുമായാണ് കൊടുക്കൽ വാങ്ങൽ നടത്തിയിരുന്നത്. ഇപ്പോൾ സംഗമയുഗത്തിൽ പാപാത്മാക്കളുമായി നിങ്ങൾക്ക് കൊടുക്കൽ വാങ്ങൽ നടത്തേണ്ടതില്ല. പാപാത്മാ ക്കൾക്ക് ദാനം നൽകിയാൽ പാപം തലയിൽ വരും. ഈശ്വരാർത്ഥമാണ് ചെയ്യുന്നത് പക്ഷേ നൽകുന്നത് പാപാത്മാക്കൾക്കാണ്. അച്ഛൻ എന്തെങ്കിലും എടുക്കുന്നുണ്ടോ. അച്ഛൻ പറയും പോയി സെന്റർ തുറക്കൂ എങ്കിൽ അനേകം ആളുകളുടെ മംഗളം ഉണ്ടാകും.

അച്ഛൻ മനസ്സിലാക്കിത്തരുന്നു എന്തെല്ലാം സംഭവിക്കുന്നുണ്ടോ അതെല്ലാം ഡ്രാമ അനുസരിച്ച് അതേ പോലെ ആവർത്തിക്കും. പിന്നീട് ഇതിൽ കരയുകയോ ദുഃഖിക്കുകയോ ചെയ്യേണ്ടതില്ല. കർമ്മങ്ങളുടെ കണക്കുവഴക്കുകൾ ഇല്ലാതാവുന്നത് നല്ലതാണ്. വൈദ്യന്മാർ പറയും– മുഴുവൻ അസുഖവും പുറത്തുവ രും. അച്ഛനും പറയുന്നു ബാക്കിയുള്ള കണക്കു വഴക്കുകൾ ഇല്ലാതാക്കണം. യോഗം ചെയ്ത് ഇല്ലാ താക്കാം ഇല്ലെങ്കിൽ ശിക്ഷകൾ അനുഭവിക്കേണ്ടതായിവരും. ശിക്ഷകൾ വളരെ കടുത്തതാണ്. അതിനെ ക്കാൾ നല്ലത് അസുഖങ്ങൾ വന്ന് ഇല്ലാതാകുന്നതാണ്. 21 ജന്മങ്ങളുടെ സുഖത്തിന്റെ മുന്നിൽ ഈ ദുഃഖം ഒന്നുമല്ല കാരണം സുഖം വളരെ അധികമാണ്. ജ്ഞാനം പൂർണ്ണമായില്ലെങ്കിൽ അസുഖം കാരണം പിട ഞ്ഞുകൊണ്ടിരിക്കും. അസുഖം വന്നാൽ ഭഗവാനെ ഒരുപാട് ഓർമ്മിക്കുന്നു. അതും നല്ലതാണ്. ഒരാളെ മാത്രം ഓർമ്മിക്കണം. അതും മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുകയാണ്. അവർ ഗുരുക്കന്മാരെ ഓർമ്മി ച്ചുകൊണ്ടിരിക്കുന്നു, ഗുരുക്കന്മാർ അനേകമുണ്ട്. ഒരേ ഒരു സദ്ഗുരുവിനെ നിങ്ങൾ മാത്രമേ അറിയുന്നു ള്ളു. ബാബ സർവ്വശക്തിവാനാണ്. അച്ഛൻ പറയുന്നു– ഞാൻ ഈ വേദ ഗ്രന്ഥങ്ങളെയെല്ലാം അറിയുന്നു. ഇത് ഭക്തിയുടെ സാമഗ്രിയാണ് ഇതിലൂടെ ആർക്കും എന്നെ പ്രാപ്തമാക്കാൻ സാധിക്കില്ല. അച്ഛൻ വരു ന്നതുതന്നെ പാപാത്മാക്കളുടെ ലോകത്തിലേയ്ക്കാണ്. അവിടെ പുണ്യാത്മാക്കൾ എവിടെ നിന്നും വന്നു. ആരാണോ പൂർണ്ണമായും 84 ജന്മങ്ങൾ എടുത്തത് അവരുടെ ശരീരത്തിലാണ് പ്രവേശിക്കുന്നത്. ഏറ്റവും ആദ്യം ബ്രഹ്മാവാണ് കേൾക്കുന്നത്. അച്ഛൻ പറയുന്നു ഇവിടെ നിങ്ങളുടെ ഓർമ്മയുടെ യാത്ര വളരെ നന്നായി നടക്കുന്നു. കൊടുങ്കാറ്റുകൾ ഇവിടെയും വരും പക്ഷേ അച്ഛൻ മനസ്സിലാക്കിത്തന്നുകൊണ്ടിരി ക്കുന്നു സ്വയം ആത്മാവാണെന്നു മനസ്സിലാക്കി അച്ഛനെ ഓർമ്മിക്കു. കല്പം മുമ്പും നിങ്ങൾ ഇങ്ങനെത ന്നെയാണ് ജ്ഞാനം കേട്ടത്. ദിനംപ്രതിദിനം നിങ്ങൾ കേട്ടുകൊണ്ടിരിക്കുകയാണ്. രാജധാനി സ്ഥാപിച്ചു കൊണ്ടിരിക്കുകയാണ്. പഴയ ലോകത്തിന്റെ വിനാശവും സംഭവിക്കേണ്ടതുതന്നെയാണ്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരികെക്കിട്ടിയ മധുര മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്തേ.

**ധാരണയ്ക്കുള്ള  മുഖ്യസാരം-**

1. അതിരാവിലെ ഉണർന്ന് ശരീരത്തിൽ നിന്നും വേറിടുന്നതിനുള്ള ഡ്രിൽ ചെയ്യണം. പഴയലോകം, പഴയ ശരീരം ഒന്നും ഓർമ്മവരരുത്. എല്ലാം മറന്നിരിക്കണം.

2. സംഗമയുഗത്തിൽ പാപാത്മാക്കളുമായി കൊടുക്കൽ വാങ്ങൽ നടത്തരുത്. കർമ്മത്തിന്റെ കണക്കു വഴക്കുകളെ സന്തോഷത്തോടുകൂടി ഇല്ലാതാക്കണം. കരയുകയോ ദുഃഖിക്കുകയോ വേണ്ട. എല്ലാം അച്ഛനിൽ സമർപ്പിച്ച് പിന്നീട് ട്രസ്റ്റിയായി സംരക്ഷിക്കണം.

**വരദാനം:- അനുഭവത്തിന്റെ ശക്തിയിലൂടെ സ്വ പരിവർത്തനം ചെയ്യുന്ന തീവ്രപുരുഷാർത്ഥിയായി ഭവിക്കട്ടെ.**

ഏതൊരു പരിവർത്തനത്തിന്റെയും സഹജമായ ആധാരം അനുഭവത്തിന്റെ ശക്തിയാണ്. ഏതുവരെ അനുഭവത്തിന്റെ ശക്തി വരുന്നില്ലയോ അതുവരെ അനുഭൂതിയുണ്ടാകില്ല മാത്രമല്ല ഏതുവരെ അനുഭൂതിയില്ലയോ അതുവരെ ബ്രാഹ്മണ ജീവിതത്തിന്റെ വിശേഷതയുടെ ഫൗണ്ടേഷൻ ഉറപ്പുള്ളതല്ല. ഉന്മേഷ-ഉത്സാഹത്തിന്റെ ലക്ഷണമില്ല. എപ്പോൾ അനുഭവത്തിന്റെ ശക്തി ഓരോ കാര്യത്തിന്റെയും അനുഭവിയാക്കി മാറ്റുന്നുവോ അപ്പോൾ തീവ്രപുരുഷാർത്ഥിയായി മാറുന്നു. അനുഭവത്തിന്റെ ശക്തി സദാ കാലത്തേക്ക് സഹജ പരിവർത്തനം ചെയ്യിപ്പിക്കുന്നു.

**സ്ലോഗൻ:- സ്നേഹത്തിന്റെ സ്വരൂപത്തെ സാകാരത്തിൽ പുറത്തെടുത്ത് ബ്രഹ്മാബാബക്ക് സമാനമാകൂ.**